മാധ്യമം

06 October 2025

# സീഫുഡ് മേള: അപേക്ഷ ക്ഷണിച്ചു

കൊച്ചി: രാജ്യാന്തര സമുദ്ര ആവാസവ്യവസ്ഥ സിമ്പോസിയത്തിന്റെ (മീകോസ് 4) ഭാഗമായി കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ) കടൽവിഭവ ഭക്ഷ്യമേള സംഘടിപ്പിക്കും. ഭക്ഷ്യസംരംഭകർ, സീഫുഡ് ബ്രാൻഡുകൾ, റെസ്റ്റാറന്റ് ഉടമകൾ എന്നിവർക്ക് അവരുടെ തനത്‌വിഭവങ്ങൾ സമുദ്രഗവേഷകർക്ക് മുന്നിൽ അവതരിപ്പിക്കാനുള്ള അവസരം മേളയിലുണ്ട്. കൂടുതൽ വിവരങ്ങൾക്ക്: ഡോ. സാജു ജോർജ് (ഫോൺ: 9945035707). മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ (എം.ബി.എ.ഐ), സി.എം.എഫ്.ആർ.ഐയുമായി സഹകരിച്ചാണ് നവംബർ നാല് മുതൽ ആറ് വരെ സിമ്പോസിയം സംഘടിപ്പിക്കുന്നത്.